# <u>പെൺകുട്ടിക്കെതിരെ അക്രമം : പ്രതി പിടിയിൽ</u>

വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് അതിക്രമിച്ചുകയറി പെൺകുട്ടിയെ ഉപദ്രവിക്കുകയും മൊബൈൽ ഫോൺ കേടുവരുത്തുകയും ചെയ്ത ആളെ പിടികൂടി. ഓച്ചന്തുരുത്ത് തൈപ്പറമ്പിൽ വീട്ടിൽ ജസ്റ്റിൻ ജോസ് (22) നെയാണ് ഞാറക്കൽ പോലീസ് അറസ്റ്റ് ചെയ്തത്. നായരമ്പലം സ്വദേശിനിയായ പെൺകുട്ടിയോട് ഇയാളെ കുറിച്ച് മോശമായി സുഹൃത്ത് പറഞ്ഞത് പെൺകുട്ടി ചോദിച്ചതിനുള്ള വിരോധം മൂലം ആണ് വീട്ടിൽ കയറി ഉപദ്രവിച്ചത്. പോലീസിനെ കണ്ട് രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ സഹസികമായാണ് ഞാറക്കൽ പോലീസ് ഇൻസ്പെക്ടർ പി.എസ്.ധർമ്മജിത്തിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്. സബ്ഇൻസ്പെക്ടർ ഡെന്നി, എ.എസ്.ഐ ഷാഹിർ, എസ്.സി.പി.ഒ സെബാസ്റ്റ്യൻ, സി.പി.ഒ മാരായ സ്വരാഭ്, ശ്രീകാന്ത്, മിറാഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.